# പതിനാലാം കേരള നിയമസഭ
## (രണ്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2337** **06/10/2016-ൽ മറുപടിയ്ക്ക്**

<u>കമ്പോളങ്ങളുടെ നവീകരണം</u>

| <u>ചോദ്യം</u><br>ശ്രീ.ആർ. രാജേഷ് | <u>മറുപടി</u><br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട്, ചുനക്കര, തഴക്കര എന്നിവടങ്ങളിലെ മത്സ്യകമ്പോളങ്ങളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; പ്രസ്തുത കമ്പോളങ്ങൾ നവീകരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; | എ) മാവേലിക്കര മണ്ഡലത്തിൽ നൂറനാട്, ചുനക്കര, തഴക്കര എന്നിവിടങ്ങളിലെ മത്സ്യകമ്പോളങ്ങളുടെ നവീകരണത്തിനായുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടില്ല. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കേരളത്തിലുടനീളം മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ വരും വർഷങ്ങളിൽ ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| ബി) മത്സ്യബന്ധന വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം അനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ബി) മത്സ്യബന്ധന വകുപ്പിന്റെ പദ്ധതിയിലുൾപ്പെടുത്തി മാവേലിക്കര നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം പുതിയ പ്രവർത്തികൾ നാളിതുവരെ ഏറ്റെടുത്തിട്ടില്ലെങ്കിലും മത്സ്യസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി 256 ഹെക്ടർ സ്ഥലത്ത് ശുദ്ധജല മത്സ്യകൃഷി നടപ്പിലാക്കുന്നു ണ്ട് |

**സെക്ഷൻ ആഫീസർ**